മാതൃഭൂമി 13 September 1975

# മത്സ്യ കൃഷി

പൊക്കാളി നിലങ്ങളിൽ നെല്ലായിരുന്നില്ല കാര്യമായ കൃഷി— ചെമ്മീനായിരുന്നു. "ചെമ്മീൻ കെട്ടുവഴി" പണ്ടത്തെക്കാലത്തുതന്നെ കൃഷിക്കാർ കൈനിറയെ പണം വാരിയിരുന്നു. ഇന്നു്, കൈനിറയെ പവൻതന്നെ വാരാനുള്ള കവാടമാണു് ചെമ്മീൻ കൃഷിയുടെ ഗവേഷണ കേന്ദ്രംവഴി ഞാറയ്ക്കൽ ഉൽഘാടനം ചെയ്തിരിക്കുന്നതു്.

കൃഷിക്കാരന്റെ നഗ്നമായ കണ്ണിലും നാടൻബുദ്ധിയിലും കൗതുകംനിറഞ്ഞ അന്വേഷണബുദ്ധിയിലും എന്നേ അടിത്തറ പാകിയിരുന്ന ഒന്നു് ആധുനികമായ അന്വേഷണ ഗവേഷണ നിരീക്ഷണങ്ങൾക്കു് ഇന്നെങ്കിലും വിഷയമാവുന്നല്ലോ എന്നു് നാം ആഹ്ലാദിക്കണം. ഒരിക്കലും ചെയ്യാതിരുന്നതിനേക്കാൾ ശ്രേഷ്ഠമാണല്ലോ വൈകിയെങ്കിലും ചെയ്യുന്നതു്.

കേരളത്തിന്റെ കായലും നദികളും വെള്ളക്കെട്ടുകളും വിസ്തൃതമായ ഒരു ലോകം ദേവതക്കു് ഒരുക്കിയിട്ടിരിക്കുന്നു. പക്ഷെ, നാം അതിനെപ്പററി തികച്ചും അശ്രദ്ധരായി കഴിയുന്നു. ഇക്കാര്യം ഞങ്ങൾ ഒന്നിലധികം പ്രാവശ്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. പ്രകൃതീശ്വരി മത്സ്യത്തിനു് വളരാനൊരുക്കിയിട്ടിരിക്കുന്ന ഈ പ്രദേശത്തെ ഉപയോഗിക്കാതിരിക്കയോ ഭാഗികമായി ഉപയോഗിക്കയോ, ദുരുപയോഗപ്പെടുത്തുകയോ ചെയ്യുകയാണു് ഇന്നത്തെ സമ്പ്രദായമെന്നു് ഞങ്ങൾക്കു് പലപ്പോഴും തോന്നിയിട്ടുണ്ടു്.

ഞാറയ്ക്കലും ആയിരം തെങ്ങിലുമെല്ലാം മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ പണ്ടേ തുറന്നിരുന്നെങ്കിലും അവ വികസിക്കയോ വളരുകയോ ചെയ്തില്ല. ആയിരംതെങ്ങിലേതു് ഇപ്പോൾ നിലവിലുണ്ടോ എന്ന കാര്യംതന്നെ സംശയമാണു് — ഡോ. സി.സി. ജോണിന്റെ സ്വകാര്യ ഫാം അല്ലാതെ. ഇന്തോനേഷ്യയെപ്പോലുള്ള രാജ്യങ്ങൾ കനകംതന്നെ അവരുടെ കായലുകളിൽനിന്നു് രണ്ടു് കൈനിറയെ വാരിയെടുക്കുന്നു. നമുക്കതു് സാധിക്കില്ലെന്നുണ്ടോ? നിശ്ചയമായും നമുക്കതു് കഴിയും. അതിനുള്ള ഭാവനയും ചൈതന്യവും വേണമെന്നു മാത്രം.

ഇന്നു് ഐ.സി.എ.ആർ. അനുവദിച്ചതും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ കേന്ദ്രത്തിന്റെ (സി.എം.എഫ്.ആർ.ഐ.) ആഭിമുഖ്യത്തിൽ സംസ്ഥാപിച്ചതുമായ ചെമ്മീൻ ഗവേഷണ കേന്ദ്രം നമ്മുടെ ഈ നീണ്ട അമാന്തത്തിനു് പരിഹാരമുണ്ടാക്കുമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. സ്ഥലം വിട്ടുകൊടുക്കുകവഴി സഹകരണം തെളിയിച്ച സംസ്ഥാന സർക്കാർ ഈ ഗവേഷണത്തിൽ തല്പരത തുടരുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഗവേഷണത്തിന്റെ പ്രയോജനം വ്യാപകമാക്കിത്തീർക്കാൻ അവർ വേണ്ടതു ചെയ്യുമെന്നും ഞങ്ങൾ ആശിക്കുന്നു. ഈ വിഷയത്തിൽ താല്പര്യം കാണിക്കുന്ന ആർക്കും മടികൂടാതെ പ്രോത്സാഹനം നൽകണം. പുരോഗതിയോ അധോഗതിയോ എന്നുള്ളതു് പ്രയത്നത്തെ ആശ്രയിച്ചിരിക്കും. സ്വന്തം പ്രയത്നത്തെ അവലംബമാക്കിപ്പോകുന്നവരാവും ഇതിൽ എന്തെങ്കിലും നേട്ടങ്ങളുണ്ടാക്കുക—പഴയ ചെമ്മീൻകെട്ടുകാരെപ്പോലെ.

1974 മുതൽ ആരംഭിച്ച ഈ സംരംഭം ഫിഷറി സയിന്റിസ്റ്റ് കെ.എച്ച്. മുഹമ്മദിന്റെ മേൽനോട്ടത്തിൽ ഗണ്യമായ ചില നേട്ടങ്ങൾ ഉണ്ടാക്കിയതായി കാണുന്നു. നാരൻ എന്ന വിലകൂടിയ വംശത്തിൽപ്പെട്ട ചെമ്മീന്റെ 'വിത്തു'കൾ ഞാറയ്ക്കൽനിന്നും പരിസരപ്രദേശങ്ങളിൽനിന്നും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടു്. ദിവസം ഒരു പത്തു ലക്ഷം 'വിത്തു'കൾ ശേഖരിക്കാൻ കഴിയുമത്രെ.

ഇവയെ നാടൻ മട്ടിൽ തനിയെ വളരാൻ വിടാതെ സാഹചര്യങ്ങൾ ഭക്ഷണം, പരിചരണം എന്നിവ ശാസ്ത്രീയമായി നൽകി, ഓരോ ഹെക്ടർ വെള്ളക്കെട്ടിലും എത്രമേൽ ലാഭകരമായി വളർത്തിയെടുക്കാൻ കഴിഞ്ഞു എന്നു് പരിശോധിക്കുകയാണു് ഗവേഷണത്തിന്റെ ലക്ഷ്യമെന്നു് ഡോ. സൈലാസിന്റെ പ്രസ്താവനകളിൽനിന്നു് മനസ്സിലാക്കാൻ കഴിയുന്നു. ഗവേഷണഫലമായി, പുതിയ സാഹചര്യങ്ങളിൽ മുട്ടയിടാനും വിരിയിക്കാനും വളരാനും ചെമ്മീനെ പ്രോത്സാഹിപ്പിക്കാതിരിക്കില്ല. അതു വിജയിച്ചാൽ ചെമ്മീൻ വളരാത്ത വെള്ളക്കെട്ടുകളിൽപ്പോലും നാളെ അതു് കൃഷി ചെയ്യാൻ കഴിയും.

നമ്മുടെ അണക്കെട്ടുകളും 'ബണ്ടു'കളും കായൽ കൃഷികളും മററും ചെമ്മീന്റെ സ്വാഭാവികമായ ഉല്പാദനത്തിനും വളർച്ചക്കും ഒഴിച്ചുകൂടാത്ത സാഹചര്യങ്ങൾ നഷ്ടപ്പെടുത്തുന്നുണ്ടെന്ന വിമർശനം ഞങ്ങളുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്. അതും ഈ ഗവേഷണത്തിന്റെ വിഷയമാകണം. പ്രതിബന്ധങ്ങൾ ഉണ്ടെങ്കിൽ അവ കൃത്യമായി പരിഹരിക്കാൻ കഴിയുമോ എന്നു നോക്കണം. കഴിഞ്ഞില്ലെങ്കിൽ പ്രതിബന്ധം നീക്കുകതന്നെ വേണം. ഭക്ഷണമൂല്യവും വിലയും കണക്കാക്കിയാൽ, ചെമ്മീൻ വിളയുന്ന സ്ഥലം മററു കൃഷികൾക്കുപയോഗിക്കുന്നതു് കനകം കളഞ്ഞു് ഈയം കൊള്ളുന്നതുപോലെതന്നെയാണു്.

കേരള സർവ്വകലാശാലയുടേയും ഫിഷറീസ് വകുപ്പിന്റേയും കീഴിൽ തടാകങ്ങളിൽ മത്സ്യവും തവളയും വളർത്തുന്ന ഗവേഷണങ്ങൾ നടക്കുന്നതായി കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു.

ചെമ്മീൻ വളർത്തൽ ഗവേഷണം സമുദ്രത്തോടു് ചേർന്നു കിടക്കുന്ന സമുദ്രതുല്യമായ ജലസംഭരണികളിലെ കഴിയൂ എന്നു് തോന്നുന്നു. അതു് ഒരു ഭാഗത്തു് നടക്കുമ്പോൾ ശുദ്ധജലത്തിലും ഓരു രസമുള്ള ജലാശയങ്ങളിലും മത്സ്യ കൃഷി ചെയ്യുന്നതിനെ സംബന്ധിച്ച ഗവേഷണവും പദ്ധതികളും ഊർജ്ജിതമായിത്തന്നെ കൊണ്ടുപോകണം. സെൻട്രൽ ഇൻലൻറ് ഫിഷറീസ് റിസർച്ച് ഇൻസ്റ്റിററ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പരീക്ഷണങ്ങൾകൊണ്ടു് ഒരു കൊല്ലം ഒരു ഹെക്ടറിൽനിന്നു് 9389 കിലോഗ്രാം മീൻ വളർത്തി കൊയ്തെടുത്തുവെന്നു് കേൾക്കുമ്പോൾ അമ്പരന്നുപോകും. തൂക്കത്തിനു് തൂക്കംവച്ചാൽപ്പോലും മത്സ്യ കൃഷിക്കു് നെല്ലിനേയും ഗോതമ്പിനേയും മാത്രമല്ല കപ്പയെപ്പോലും വെല്ലാം. എന്നു വരുമ്പോൾ, കേരളത്തിനു് പ്രാപ്യമായ സുഭിക്ഷത എത്രയെന്നു് പറയേണ്ടതില്ലല്ലോ!

ഐശ്വര്യത്തിന്റേതായ ഈ പാതകളിൽ യൂണിവേഴ്സിററിയും സർക്കാരും ഫിഷറീസ് വകുപ്പും മൊത്തത്തിൽ സർക്കാരും എല്ലാം ശ്രദ്ധപതിപ്പിച്ചാൽ അതൊന്നുകൊണ്ടുമാത്രം ഈ സംസ്ഥാനത്തിനു് ഇന്ത്യയിലെ സമൃദ്ധ സംസ്ഥാനങ്ങളിലൊന്നായി മാറാം. ആ വഴിക്കുതന്നെയാണു് ഈ കാൽവയ്പെന്നു ഞങ്ങൾ കരുതുന്നു.